**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 240** **29-01-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിൽ നഴ്സിംഗ് ഓഫീസറുടെ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ജീവനക്കാരൻ പീഡിപ്പിച്ചതായി പറയപ്പെടുന്ന പെൺകുട്ടിയ്ക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചതിന്റെ പേരിൽ സീനിയർ നഴ്സിംഗ് ഓഫീസർ അനിത പി.ബി. യെ സ്ഥലം മാറ്റിയ നടപടി ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് മെഡിക്കൽ കോളേജ ഹോസ്പിറ്റൽ ജീവനക്കാരൻ പീഡിപ്പിച്ചതായ പറയപ്പെടുന്ന പെൺകുട്ടിയ്ക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചതിന്റെ പേരിൽ അല്ല സീനിയർ നഴ്സിംഗ് ഓഫീസർ ശ്രീമതി അനിത പി.ബി. യെ സ്ഥലം മാറ്റിയത്.<br><br>കോഴിക്കോട് മെഡിക്കൽ കോളേജ ഹോസ്പിറ്റൽ ജീവനക്കാരൻ പീഡിപ്പിച്ചതായ പറയപ്പെടുന്ന പെൺകുട്ടിയെ അതിജീവിത എന്ന നിലയിൽ കണ്ടുകൊണ്ട നിയമനടപടികൾ സമയബന്ധിതമായ സ്വീകരിച്ച് കുറ്റക്കാർക്കെതിരെ നടപട സ്വീകരിച്ചിട്ടുണ്ട്. ശ്രീമതി അനിത പി.ബ മാത്രമല്ല, സീനിയർ നഴ്സിംഗ് ഓഫീസര തസ്തികയ്ക്ക് മുകളിലുള്ള മെഡിക്കൽ കോളേജ പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട്, ആർ.എം.ഒ ചീഫ് നേഴ്സിംഗ് ഓഫീസർ, നേഴ്സിംഗ സൂപ്രണ്ട് എന്നീ തസ്തികളിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള സർക്കാർ സംവിധാനം മുഴുവനും അതിജീവിതയ്ക്ക് ഒപ്പ നിലകൊണ്ടു. 22.03.2023ൽ നൽകിയ ട പരാതിയിൻമേൽ നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 23.03.2023-ൽ അഞ്ച് സ്ഥിരം ജീവനക്കാരെ സസ്പെൻഡ് ചെയ്യുകയും ഒരു താത്ക്കാലിക ജീവനക്കാരിയെ സേവനത്തിൽ നിന്നു പിരിച്ചുവിടുകയുമുണ്ടായി. എന്നാൽ തിരിച്ചറിയൽ പരേഡിൽ ഈ ആറ ജീവനക്കാരും പങ്കെടുത്തിരുന്നില്ലായെന്ന് ഈ വിഷയത്തിൽ അന്വേഷണം നടത്തി ജോയിന്റ ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ |

(മെഡിക്കൽ) 25.08.2023-ൽ സമർപ്പിച്ച റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. കൂടാതെ അതിജീവിതയെ സ്വാധീനിക്കാൻ ശ്രമിച്ച കൃത്യത്തിൽ നേരിട്ട് പങ്കെടുത്ത ജീവനക്കാരുടെ എണ്ണത്തിലും ഓരോ ജീവനക്കാരന്റെയും പങ്ക് എത്രമാത്രമുണ്ട് എന്നത് സംബന്ധിച്ചും പരസ്പരവിരുദ്ധമായ മൊഴികളാണ് ശ്രീമതി അനിതയും ചീഫ് നഴ്സിംഗ് ഓഫീസറായ ശ്രീമതി സുമതിയും നൽകിയതെന്ന് അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. ഉയർന്ന ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടായ പരസ്പര വിശ്വാസമില്ലാതെയുള്ള പ്രവർത്തനങ്ങളെയും അതീവ ഗൗരവതരമായ ഒരു വിഷയം കൈകാര്യം ചെയ്യുന്നതിൽ സംഭവിച്ച വീഴ്ചയുമാണ് ശ്രീമതി അനിതയുടെയും ചീഫ് നഴ്സിംഗ് ഓഫീസറായ ശ്രീമതി സുമതിയുടെയും പരസ്പരവിരുദ്ധമായ മൊഴികൾ സൂചിപ്പിക്കുന്നതെന്ന് അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. മെഡിക്കൽ കോളേജിലെ മൂന്നാം നിലയിലെ പ്രധാന വരാന്തയിൽ നിന്നും ഇരുപതാം വാർഡിലെ പ്രവേശന വഴിയിലുള്ള ഒരു സൈഡ് റൂമാണ് അതിജീവിതയ്ക്ക് അനുവദിച്ചിരുന്നത്. ഈ മുറി ഇരുപതാം വാർഡിലെ നഴ്സിംഗ് സ്റ്റേഷനിൽ നിന്നും നേരിട്ടുള്ള നിരീക്ഷണത്തിലോ മേൽനോട്ടത്തിലോ അല്ലാതെ ആണ് എന്നതും ഇത്രയും ഗൗരവതരമായ ഒരു സംഭവത്തെ ഉത്തരവാദിത്തപ്പെട്ടവർ ലഘൂകരിച്ചു കണ്ടു എന്നതിന് തെളിവാണ്. ഒരു ഫുൾടൈം സെക്യൂരിറ്റിയെ അവിടെ നിയോഗിക്കുന്നതിൽ അധികൃതർ പരാജയപ്പെട്ടു. സന്ദർശക നിയന്ത്രണം, സി.സി.ടി.വി സംവിധാനം, സെക്യൂരിറ്റി നൽകൽ എന്നി വിഷയങ്ങളിൽ ഗുരുതരമായ വീഴ്ചയാണ് വാർഡിന്റെ ചുമതലയുള്ള നേഴ്സിംഗ് വിഭാഗം ജീവനക്കാരുൾപ്പെടെയുള്ള മെഡിക്കൽ കോളേജ് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ നേഴ്സിംഗ് സൂപ്രണ്ട് ആയ ശ്രീമതി ബെറ്റി ആന്റണി -യെ കോന്നി മെഡിക്കൽ കോളേജിലേക്കും ചീഫ് നേഴ്സിംഗ് ഓഫീസർ ആയ ശ്രീമതി സുമതി വി പി -യെ തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലേയ്ക്കും സ്ഥലം

| | | | |
|---|---|---|---|
| | | | മാറ്റിയിരുന്നു. മെഡിക്കൽ കോളേജ പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട്, ആർ.എം. എന്നിവർക്കെതിരെയും കർശന നടപടികൾ സ്വീകരിക്കാൻ അന്വേഷണ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. മേൽ വിവരിച്ച വിധ കർത്തവ്യനിർവ്വഹണത്തിൽ വരുത്തിയ വീഴ്ചകൾ മൂലമാണ് ശ്രീമതി അനിത ഉൾപ്പടെയുള്ള ജീവനക്കാർക്കെതിരെ നടപട സ്വീകരിച്ചത്. |
| (ബി) | കുറ്റാരോപിതനായ ജീവനക്കാരന് അനുകൂലമായ നിലപാട് സ്വീകരിക്കാത്തതിന്റെ പേരിൽ മേല്പറഞ്ഞ ഉദ്യോഗസ്ഥയെ സ്ഥലം മാറ്റിയ നടപടി മരവിപ്പിക്കാൻ നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ? | (ബി) | കുറ്റാരോപിതനായ ജീവനക്കാരന് അനുകൂലമായ നിലപാട് സ്വീകരിക്കാത്തതിന്റെ പേരിൽ അല്ല മേൽപ്പറഞ്ഞ ഉദ്യോഗസ്ഥയെ സ്ഥലം മാറ്റിയത്. അതിജീവിതയെ സ്വാധീനിക്കാൻ ശ്രമിച്ച കൃത്യത്തിൽ നേരിട്ട് പങ്കെടുത്ത ജീവനക്കാരുടെ എണ്ണത്തിലും ഓരോ ജീവനക്കാരന്റെയും പങ്ക് എത്രമാത്രമുണ്ട് എന്നത് സംബന്ധിച്ചും പരസ്പരവിരുദ്ധമായ മൊഴികളാണ് ശ്രീമതി അനിതയും ചീഫ് നഴ്സിംഗ് ഓഫീസറായ ശ്രീമതി സുമതിയും നൽകിയതെന്ന് അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. കൂടാതെ തിരിച്ചറിയൽ പരേഡ് നടത്തിയതിലെ നടപടിക്രമങ്ങളിലും വീഴ്ചകൾ ഉണ്ടായി. ഈ വിഷയത്തിൽ അന്വേഷണം നടത്തി ജോയിന്റ് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ (മെഡിക്കൽ) 25.08.2023- ൽ സമർപ്പിച്ച റിപ്പോർട്ടിൽ ചീഫ് നേഴ്സിംഗ് ഓഫീസർ, നേഴ്സിംഗ് സൂപ്രണ്ട്, സീനിയർ നേഴ്സിംഗ് ഓഫീസർ എന്നീ തസ്തികയിലെ ജീവനക്കാരുടെ നിരുത്തരവാദപരമായ സമീപനവും പരസ്പര വിശ്വാസമില്ലാതെയുള്ള പ്രവർത്തനങ്ങളും, അതീവ ഗൗരവമേറിയ ഒരു വിഷയം കൈകാര്യം ചെയ്യുന്നതിൽ സംഭവിച്ച വീഴ്ചയുമാണ് ഇത്തരം വിഷയങ്ങൾ സംഭവിക്കാൻ ഇടയാക്കിയത് എന്ന് കണ്ടെത്തിയിട്ടുണ്ട്.<br><br>പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ശ്രീമതി അനിതയെ ഇടുക്കി ജില്ലയിലേയ്ക്ക് സ്ഥലം മാറ്റി. ടി നടപടിക്കെതിരെ ശ്രീമതി അനിത OA (EKM) 1978/2023 നമ്പരായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തു. ബഹു. ട്രൈബ്യൂണലിന്റെ 01.12.2023-ലെ ഉത്തരവ് പാലിച്ചുകൊണ്ട് ശ്രീമതി അനിതയെ സർക്കാർ തലത്തിൽ നേരിൽ കേൾക്കുകയും, ഈ വിഷയത്തിൽ സ്വീകരിച്ച നടപടി ക്രമങ്ങളിൽ ഉദ്യോഗസ്ഥതല വീഴ്ച ഉണ്ടായിട്ടുള്ളതായി ബോധ്യപ്പെട്ടതിനാൽ ടിയാളെ ഇടുക്കി മെഡിക്കൽകോളേജിലേക്ക് സ്ഥലംമാറ്റിയ നടപടി സാധുവാണെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവ് (സാധാ) നം. 93/2024/ആ.കു.വ തീയതി 16.01.2024 -ന്റെ പകർപ്പ് **അനുബന്ധം** ആയി ചേർക്കുന്നു. ടി ഉത്തരവ് പുന:പരിശോധിക്കുന്ന വിഷയം പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമവകുപ്പ്- ജീവനക്കാര്യം- കോഴിക്കോട് മെഡിക്കൽ കോളേജിൽ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി അനിത പി.ബി ഫയൽ ചെയ്ത O.A (EKM) 1978/2023 നമ്പർ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 01/12/2023 തീയതിയിലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (സി )വകുപ്പ്

സ.ഉ.(സാധാ) നം.93/2024/H&FWD തീയതി,തിരുവനന്തപുരം, 16-01-2024

---

പരാമർശം:-
1. ശ്രീമതി അനിത പി.ബിയുടെ 01/12/2023 തീയതിയിലെ നിവേദനം (അനുബന്ധം A-5)
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) 1978/2023 നമ്പർ കേസിന്റെ 01/12/2023 തീയതിയിലെ അന്തിമ ഉത്തരവ്
3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 28/11/2023 തീയതിയിലെ ജെ 3/2764/2023/മെ.വി.വ നമ്പർ നടപടിക്രമം
4. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 07/12/2023 തീയതിയിലെ ജെ 3/1755/2023/മെ.വി.വ നമ്പർ കത്ത്
5. സ.ഉ (സാധാ) നം. 3403/2023/H&FWD തീയതി 28-12-2023

<u>ഉത്തരവ്</u>

കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ പീഡനത്തിനിരയായതായി പരാതിപ്പെട്ട രോഗിയെ സ്വാധീനിക്കാൻ ശ്രമിച്ചു എന്ന വിഷയം ജോയിന്റ് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ (മെഡിക്കൽ) അന്വേഷിക്കുകയും 25.08.2023- ൽ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. മെഡിക്കൽ കോളജ് ആശുപത്രിയിൽ ചീഫ് നേഴ്സിംഗ് ഓഫീസർ, നേഴ്സിംഗ് സൂപ്രണ്ട്, സീനിയർ നേഴ്സിംഗ് ഓഫീസർ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ നിരുത്തരവാദപരമായ സമീപനവും പരസ്പര വിശ്വാസം ഇല്ലാതെയുള്ള പ്രവർത്തനങ്ങളും ഏകോപനം ഇല്ലായ്മയുമാണ് ഇത്തരം അനഭിലഷണീയമായ സംഭവങ്ങൾക്ക് വഴിതെളിച്ചതെന്ന് അന്വേഷണത്തിൽ കണ്ടെത്തുകയും ആയതിനാൽ ടി ജീവനക്കാരെ ജില്ലയ്ക്ക് പുറത്തേക്ക് സ്ഥലം മാറ്റണമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ ശിപാർശ ചെയ്യുകയുമുണ്ടായി.

2. അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ സീനിയർ നേഴ്സിംഗ് ഓഫീസറായ ശ്രീമതി. അനിത പി.ബി -യെ പരാമർശം (3) പ്രകാരം ഇടുക്കി ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ടിയാരി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A (EKM) 1978/2023 നമ്പറായി കേസ്

ഫയൽ ചെയ്യുകയും പരാമർശം (1) പ്രകാരം സർക്കാരിൽ നിവേദനം നൽകുകയും ചെയ്തിരുന്നു.

3. O.A (EKM) 1978/2023 നമ്പർ കേസിൽ 01/12/2023 തീയതിയിൽ ബഹു. ട്രൈബ്യൂണൽ പുറപ്പെടുവിച്ച അന്തിമ വിധിന്യായത്തിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ ശ്രീമതി അനിത പി.ബി -യുടെ അനുബന്ധം A5 അപ്പീൽ പരിഗണിച്ച്, പരാതിക്കാരിയെ നേരിൽ കേട്ട്, ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ 2 മാസത്തിനുള്ളിൽ അനുയോജ്യമായ ഉത്തരവ് പുറപ്പെടുവിക്കണം എന്നും പ്രസ്തുത കാലയളവ് വരെ പരാതിക്കാരിക്ക് ഇപ്പോൾ ജോലി ചെയ്തുവരുന്ന സ്ഥലത്തു തന്നെ തുടരാമെന്നും നിർദ്ദേശിച്ചിരുന്നു.

4. പരാമർശം (2) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പരാതിക്കാരിയായ ശ്രീമതി. അനിത പി.ബി-യെ സർക്കാർ നേരിൽ കേട്ടു. മെഡിക്കൽ വിദ്യാഭ്യാസവകുപ്പിലെ ജീവനക്കാരും ഹിയറിങ്ങിൽ പങ്കെടുത്തിരുന്നു.

5. അതിജീവിതയ്ക്ക് സുരക്ഷ നൽകുകയും മാനസിക പിന്തുണ നൽകുകയും ചെയ്യുന്നതിൽ താൻ മുൻ നിരയിലുണ്ടായിരുന്നു എന്നും, സെക്യൂരിറ്റി ഏർപ്പാടാക്കുന്നതിനായി ആശുപത്രി സൂപ്രണ്ടിന് കത്ത് നൽകിയതും താൻ ആണെന്നു ഹിയറിങ് വേളയിൽ ടിയാരി അറിയിച്ചു.

6. പ്രായമായ രോഗാതുരരായ അച്ഛനമ്മമാരും, പത്താം ക്ലാസ്സിൽ പഠിക്കുന്ന മകനും തന്റെ സംരക്ഷണയിലായതിനാൽ സ്ഥലംമാറ്റ ഉത്തരവ് റദ്ദ് ചെയ്യണമെന്ന് ടിയാരി അപേക്ഷിക്കുന്നു.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിജീവിതയെ സ്വാധീനിക്കാൻ ശ്രമിച്ചുവെന്ന പരാതിയിൻമേൽ നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് സ്ഥിരം ജീവനക്കാരെ സസ്പെൻഡ് ചെയ്യുകയും ഒരു താത്ക്കലിക ജീവനക്കാരിയെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയുമുണ്ടായി. 22.03.2023- ൽ ലഭിച്ച പരാതിയെത്തുടർന്ന് 23.03.2023- ൽ മേൽ സൂചിപ്പിച്ച പ്രകാരം ആറ് ജീവനക്കാർക്കെതിരെ നടപടിയുണ്ടായി. എന്നാൽ തിരിച്ചറിയൽ പരേഡിൽ ഈ ആറ് ജീവനക്കാരും പങ്കെടുത്തിരുന്നില്ലായെന്ന് സൂചിപ്പിക്കുന്നുണ്ട്. കൂടാതെ അതിജീവിതയെ സ്വാധീനിക്കാൻ ശ്രമിച്ച കൃത്യത്തിൽ നേരിട്ട് പങ്കെടുത്ത ജീവനക്കാരുടെ എണ്ണത്തിലും ഓരോ ജീവനക്കാരന്റെയും പങ്ക് എത്രമാത്രമുണ്ട് എന്നത് സംബന്ധിച്ചും പരസ്പരവിരുദ്ധമായ മൊഴികളാണ് ശ്രീമതി അനിതയും ചീഫ് നഴ്സിംഗ് ഓഫീസറായ ശ്രീമതി സുമതിയും നൽകിയതെന്ന് അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. ഉയർന്ന ഉദ്യാഗസ്ഥ തലത്തിൽ ഉണ്ടായ പരസ്പര വിശ്വാസമില്ലാതെയുള്ള പ്രവർത്തനങ്ങളെയും അതീവ ഗൗരവതരമായ ഒരു വിഷയം കൈകാര്യം ചെയ്യുന്നതിൽ സംഭവിച്ച വീഴ്ചയെയുമാണ് ശ്രീമതി അനിതയും ചീഫ് നഴ്സിംഗ് ഓഫീസറായ ശ്രീമതി സുമതിയുടെയും പരസ്പരവിരുദ്ധമായ മൊഴികൾ സൂചിപ്പിക്കുന്നതെന്ന് അന്വേഷണ റിപ്പോർട്ടിൽ സംശയലേശമന്യേ സൂചിപ്പിക്കുന്നുണ്ട്. ശ്രീമതി അനിത സമർപ്പിച്ച അനുബന്ധം A5 അപ്പീലിലെ ഖണ്ഡിക നം. 6- ൽ വിവരിക്കുന്ന കാര്യങ്ങൾ മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഉദ്യോഗസ്ഥതല ഏകോപനമില്ലായ്മയെ അടിവരയിടുന്നു. മൂന്നാം നിലയിലെ പ്രധാന വരാന്തയിൽ നിന്നും ഇരുപതാം വാർഡിലെ പ്രവേശന വഴിയിലുള്ള ഒരു സൈഡ് റൂമിലാണ് രോഗിയെ കിടത്തിയിരുന്നത്. ഈ മുറി ഇരുപതാം വാർഡിലെ നഴ്സിംഗ് സ്റ്റേഷനിൽ നിന്നും നേരിട്ടുള്ള നിരീക്ഷണത്തിലോ മേൽനോട്ടത്തിലോ അല്ലാതെ ആണ് എന്നതും ഇത്രയും ഗൗരവതരമായ ഒരു സംഭവത്തെ ഉത്തരവാദിത്തപ്പെട്ടവർ ലഘൂകരിച്ചു കണ്ടു എന്നതിന് തെളിവാണ്. ഒരു ഫുൾടൈം സെക്യൂരിറ്റിയെ അവിടെ നിയോഗിക്കുന്നതിൽ അധികൃതർ പരാജയപ്പെട്ടു. സന്ദർശക നിയന്ത്രണം, സിസിടിവി സംവിധാനം, സെക്യൂരിറ്റി നൽകൽ എന്നി വിഷയങ്ങളിൽ ഗുരുതരമായ

വീഴ്ചയാണ് വാർഡിന്റെ ചുമതലയുള്ള നേഴ്സിംഗ് വിഭാഗം ജീവനക്കാരുൾപ്പെടെയുള്ള മെഡിക്കൽ കോളേജ് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. ഹെഡ്നഴ്സ്. ചീഫ് നഴ്സിംഗ് ഓഫിസർ, നെഴ്സിങ് സൂപ്രണ്ടുമാർ എന്നിവർ ഈ വിഷയം കൈകാര്യം ചെയ്തത് ഏകോപനം ഇല്ലാതെയാണെന്ന് മൊഴികളിൽ നിന്ന് വ്യക്തമാണ്.

8 . അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ ഈ വിഷയത്തിന്റെ ഗൗരവവും പരിഗണിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ നഴ്സിംഗ് സൂപ്രണ്ട് ആയ ശ്രീമതി ബെറ്റി ആന്റണി -യെ കോന്നി മെഡിക്കൽ കോളേജിലേക്കും ചീഫ് നഴ്സിംഗ് ഓഫീസർ ആയ ശ്രീമതി സുമതി വി. പി -യെ തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലേയ്ക്കും സ്ഥലം മാറ്റം നൽകി കൊണ്ട് പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട്, ആർ.എം.ഒ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ എന്നിവർക്കുണ്ടായ വീഴ്ചകളെ ചൂണ്ടിക്കാണിക്കുന്നതോടൊപ്പം, ആയതിനെതിരെ കടുത്ത ശിക്ഷണനടപടികൾ സ്വീകരിക്കുവാനും അന്വേഷണ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. ആ നിലയ്ക്ക് വസ്തുനിഷ്ഠമായ റിപ്പോർട്ടാണ് ജോയിന്റ് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ (മെഡിക്കൽ) സർക്കാരിൽ സമർപ്പിച്ചിരുന്നത്.

9. അതിജീവിതയെ സ്വാധീനിക്കാൻ ശ്രമിച്ചുവെന്ന പരാതി 22.03.2023- ൽ ലഭിച്ച് തൊട്ടടുത്ത ദിവസമായ 23.03.2023- ൽ തന്നെ സർക്കാർ നടപടി സ്വീകരിച്ചിരുന്നു. അതിജീവിതയെ സ്വാധീനിക്കാൻ ശ്രമിച്ചെന്ന ആരോപണത്തെത്തുടർന്ന് ശിക്ഷണ നടപടി നേരിട്ട ജീവനക്കാരെയാരെയും കുറ്റവിമുക്തരാക്കിയിട്ടില്ല. അതേസമയം കുറ്റക്കാരെ കണ്ടെത്തുന്നതിനായി സ്വീകരിച്ച നടപടിക്രമങ്ങളിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ചയുണ്ടായതായി അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. ഈ വസ്തുത മുൻനിർത്തി, മെഡിക്കൽ കോളേജ് ആശുപത്രിയിലെ നഴ്സിംഗ് സൂപ്രണ്ട് ആയ ശ്രീമതി ബെറ്റി ആന്റണി, ചീഫ് നഴ്സിംഗ് ഓഫീസർ ആയ ശ്രീമതി സുമതി വി. പി എന്നിവർക്കെതിരെയും സർക്കാർ നടപടി സ്വീകരിച്ചുകഴിഞ്ഞു. ഇക്കാര്യങ്ങൾ കണക്കിലെടുക്കുമ്പോൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. അനിത പി.ബി -ക്ക് ഇടുക്കി ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകിയ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ തീരുമാനം ഉചിതമാണ്.

10. മേൽ സാഹചര്യത്തിൽ ശ്രീമതി അനിത പി.ബി-യുടെ അനുബന്ധം എ5 അപ്പീൽ നിരസിക്കുന്നു. ഇപ്രകാരം ബഹു. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) 1978/2023 നമ്പർ കേസിന്റെ 01/12/2023 തീയതിയിലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA R
അണ്ടർ സെക്രട്ടറി

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം )

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം.

ശ്രീമതി അനിത പി.ബി, സീനിയർ നഴ്സിംഗ് ഓഫീസർ, പുത്തൻപുരയിൽ വീട്, പറമ്പിൽക്കടവ്,

കക്കോടി, കോഴിക്കോട് - 673 611
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
വിവരപൊതുജന സമ്പർക്ക വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ